**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4001 — 21-10-2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. കെ.ബി.ഗണേഷ് കുമാർ**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) | നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡത്തിലെ അപാകതകൾ മൂലം 100 തൊഴിൽദിനങ്ങൾ പോലും ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ അപാകത മറികടക്കാനും 100 തൊഴിൽദിനങ്ങളെങ്കിലും ഉറപ്പാക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 05-10-2016-ാം തീയതിയിലെ നമ്പർ 279/ഡി.ഡി2/16/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 2017-2018 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നടപ്പുവർഷം ആവശ്യമെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സുസ്ഥിര ആസ്തികളും സൃഷ്ടിക്കത്തക്ക വിധത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് ഈ വിഭാഗത്തിൽ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | ഒരു കുടുംബത്തിന് ശരാശരി 49 തൊഴിൽ ദിനങ്ങളാണ് 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ